## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1364** | **30.09.2011-ൽ മറുപടിക്ക്**

### ഫാം അഡ്വൈസറി മെസേജിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഫാം അഡ്വൈസറി മെസേജിംഗ് ആരംഭിക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഫാം അഡ്വൈസറി മെസേജിംഗ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>കാർഷിക രംഗത്ത് നൂതനമായ അറിവുകളും സാങ്കേതിക വിദ്യകളും, കൃഷിക്കാരന്റെ നാട്ടറിവുകളും സംയോജിപ്പിച്ച് സാമൂഹികവും സാമ്പത്തികവുമായി വളർച്ച കൈവരിക്കുന്നതിനുള്ള ലക്ഷ്യമായി സംസ്ഥാനത്ത് ഫാം അഡ്വൈസറി മെസേജിംഗ് ആരംഭിക്കുന്നതിലേക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>01/03/2011 മുതൽ ATIC (Agricultural Technology Information Centre), കാർഷിക സർവ്വകലാശാല, മണ്ണുത്തി കേന്ദ്രീകരിച്ച് കേരളത്തിലുള്ള കർഷകർക്ക് കാർഷിക സംബന്ധമായ സന്ദേശങ്ങൾ മൊബൈൽ ഫോൺ വഴി എത്തിക്കുന്നുണ്ട്. |
| ബി) ഫാം അഡ്വൈസറി മെസേജിംഗിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) ഫാം അഡ്വൈസറി മെസേജിംഗിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:<br>1. കാർഷിക വിളകൾക്ക് കാലചക്രമനുസരിച്ചുള്ള പരിചരണമുറകൾ നിർദ്ദേശിക്കുക.<br>2. കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.<br>3. വളപ്രയോഗ മാർഗങ്ങൾ ഉപദേശിക്കുക. |

4. കാലാവസ്ഥാ വ്യതിയാനങ്ങൾ മുൻകൂട്ടി അറിയുക.
5. കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായ രോഗകീടബാധ, പ്രതിവിധി എന്നിവ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുക.
6. കാർഷിക ഉൽപ്പന്നങ്ങളെ സംബന്ധിക്കുന്ന വിലവിവരങ്ങൾ യഥാസമയം ലഭ്യമാക്കുക.

നൂതന സാങ്കേതിക വിദ്യകൾ, പരിശീലന പരിപാടികൾ, നിർദ്ദേശങ്ങൾ, കാർഷിക സർവ്വകലാശാലയിൽ ലഭ്യമാകുന്ന ഉൽപ്പന്നങ്ങൾ, പച്ചക്കറിവിത്തുകൾ, നടീൽ വസ്തുക്കൾ, ശാസ്ത്രീയ കൃഷി രീതികൾ, ശാസ്ത്രജ്ഞരുടെ ഫോൺ നമ്പരുകൾ തുടങ്ങിയ വിവരങ്ങൾ എസ്.എം.എസ്. വഴി കർഷകരിൽ എത്തിക്കുന്നതിനായി ഒരു നവീന പദ്ധതി ഇതിനകം തന്നെ കേരള കാർഷിക സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്. ഈ സേവനം തികച്ചും സൗജന്യമാണ്.

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വെളിപ്പെടുത്തുമോ; | സി) | കേരള കൃഷി വകുപ്പാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. |
| ഡി) | കൃഷി പരിപാലനത്തിൽ കർഷകരെ സഹായിക്കുന്ന വിധത്തിൽ ഫാം അഡ്വൈസറി മെസേജിംഗ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ഫാം അഡ്വൈസറി മെസേജിംഗ് പദ്ധതി കൃഷി പരിപാലനത്തിൽ കർഷകരെ സഹായിക്കുക എന്ന മുഖ്യ ഉദ്ദേശത്തോടെയാണ് നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ